പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2998 — 21-08-2017-ലെ മറുപടിയ്ക്ക്

## കാർഷിക കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കാർഷിക കടാശ്വാസ കമ്മീഷൻ നൽകുന്ന ആനുകൂല്യങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (എ) ഒരു കർഷകന് 50,000/- രൂപ വരെയുള്ള വായ്പയ്ക്ക് 75% വരെയും 50,000/- രൂപയ്ക്ക് മുകളിലുള്ള വായ്പയ്ക്ക് 50% വരെയും പരമാവധി ഒരു ലക്ഷം രൂപയും കടാശ്വാസം ശിപാർശ ചെയ്തു വരുന്നത്. ജപ്തി നടപടികളാൽ കിടപ്പാടം നഷ്ടപ്പെടുന്നതും കോടതി നടപടികളാൽ ക്ലേശിക്കുന്നതുമായ കർഷകരുടെ കാര്യത്തിൽ കടാശ്വാസ നിയമം അനുശാസിക്കുന്ന പരിധിയിൽ സാധ്യമായ ഇടപെടൽ നടത്തി അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുകയും അന്തിമ ഉത്തരവ് പ്രകാരം കർഷക വിഹിതം അടച്ചു കഴിഞ്ഞാൽ പണയാധാരം തിരികെ നൽകാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. |
| (ബി) പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) വയനാട് ജില്ല ഒഴികെ മറ്റ് ജില്ലകളിൽ 18/01/2007-നും വയനാട് ജില്ലയിൽ 31/10/2011-നും മുമ്പായി സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്കാണ് നിലവിൽ കടാശ്വാസം അനുവദിക്കുന്നത്. നാല് ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തതും കൃഷി പ്രധാന ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളതുമായ വ്യക്തിക്കാണ് കടാശ്വാസത്തിന് അർഹതയുള്ളത്. |

**സെക്ഷൻ ഓഫീസർ**